സംബന്ധിച്ച് ഒരു സർവ്വേ നടത്തി. രണ്ട് ഏക്കർ അൻപത്തിഒന്ന് സെന്റ് സ്ഥലം ഏറ്റുമാനൂർ പഞ്ചായത്ത് കെ. എസ്. ആർ. ടി. സി. യെ ഏൽപ്പിച്ചു എന്ന് പറയുന്നുണ്ടെങ്കിലും അതിനെ സംബന്ധിച്ചുള്ള ആധാരം കെ. എസ്. ആർ. ടി. സി. ക്ക് നൽകിയിട്ടില്ല. കെ. എസ്. ആർ. ടി. സി. ക്ക് നൽകിയിട്ടില്ലെന്ന് കെ. എസ്. ആർ. ടി. സി. യും കെ. എസ്. ആർ. ടി. സി. യെ ഏൽപ്പിച്ചുവെന്ന് പഞ്ചായത്തും തർക്കത്തിൽ നിൽക്കുകയാണ്. ഞാൻ ഈ സഭയിൽ വളരെ വ്യക്തമായിട്ട് പറയുന്നു ഏറ്റുമാനൂർ പഞ്ചായത്ത് കെ. എസ്. ആർ. ടി. സി. യെ ഏൽപ്പിച്ചു എന്നു പറയുന്ന ആധാരം കെ. എസ്. ആർ. ടി. സി. ക്ക് ലഭിച്ചിട്ടില്ല. എന്തായാലും രണ്ട് ഏക്കർ അൻപത്തിഒന്ന് സെന്റ് സ്ഥലം ഉണ്ടെന്നു പറയുന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനെസംബന്ധിച്ച് കോട്ടയം സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ സർവ്വേ നടത്തിയപ്പോൾ രണ്ട് ഏക്കർ അൻപത്തിഒന്ന് സെന്റിനുപകരം രണ്ട് ഏക്കർ ഇരുപത്തിഒന്ന് സെന്റ് സ്ഥലമാണ് കണ്ടെത്തിയത്. അതുകൊണ്ട് ഈ സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ കുറവുവന്നിട്ടുള്ള സ്ഥലത്തെ സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടറോട് വിശദമായ പരിശോധന നടത്തുവാനും നടപടി എടുക്കുവാനും താൽപ്പര്യപ്പെട്ടുകൊണ്ട് മുന്നോട്ടുനീങ്ങുകയാണ്. ഇതിനെ സംബന്ധിച്ച് ഒരന്തിമ തീരുമാനം എടുത്തതിനുശേഷം ഏറ്റുമാനൂർ ബസ് സ്റ്റേഷൻ മെറ്റൽ ഇട്ട് ടാർ ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

(10) തോന്നല്ലൂർ മൈനർ ഇറിഗേഷൻ ഡിസ്ട്രിബ്യൂട്ടറി കനാലിനു വേണ്ടിയുള്ള സ്ഥലമേടുപ്പ്

ശ്രീ. ബെന്നി ബഹനാൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഇടയ്ക്കാട്ടുമേൽ പഞ്ചായത്തിലൂടെ കടന്ന് പെരിയാർ വാലി തോന്നല്ലൂർ മൈനർ ഇറിഗേഷൻ ഡിസ്ട്രിബ്യൂട്ടറി കനാലിന് ആവശ്യമായ സ്ഥലത്തിന്റെ ക്വിസിഷൻ നടപടി എടുത്തിട്ട് കഴിഞ്ഞ രണ്ടുവർഷമായി. അവിടെയുള്ള ആളുകളുടെ കയ്യിൽനിന്ന് ഈ സ്ഥലം ഏറ്റെടുക്കുകയും ആ സ്ഥലത്തുള്ള റബ്ബറും, തെങ്ങും തുടങ്ങിയുള്ള മരങ്ങളും വെട്ടിക്കളയുകയും ചെയ്തു. ഇന്ന് ഒരു പൈസ പോലും മുടക്കുന്നില്ല. ആ കാർഷികാദായംകൊണ്ട് ഉപജീവനം കഴിച്ചുകൊണ്ടിരുന്ന ആളുകൾക്ക് ആ കാർഷികാദായം നഷ്ടപ്പെടുകയും അതിന്റെ കോമ്പൻസേഷനായ പൈസയും ലഭിച്ചിട്ടില്ല. എന്നു മാത്രമല്ല, ഈ വസ്തുക്കളുടെ ആധാരം മുഴുവൻ പെരിയാർ വാലി തഹശീൽദാർ ഓഫീസിന് കൊടുത്തിരിക്കുകയാണ്. ഒരു ലോൺ എടുക്കാൻപോലും ഇന്ന് നിവൃത്തിയില്ലാതെ നട്ടംതിരിയുന്നവർക്ക് അവരുടെ കോമ്പൻസേഷൻ തുക എത്രയുംവേഗം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ വിഷയം ബഹുമാനപ്പെട്ട മെമ്പർ ഇതിനുമുമ്പും എന്നോട് പറഞ്ഞിട്ടുള്ളതാണ്. സ്ഥലത്തിന് പൊന്നുംവില കൊടുക്കുന്നതിനുള്ള നടപടികളും ഇപ്പോൾ പൂർത്തിയാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇനി വലിയ ബുദ്ധിമുട്ട് ഇല്ല. പക്ഷേ വേറെ ഒരു ബുദ്ധിമുട്ടുണ്ട്. 25 ലക്ഷം രൂപ വേണം കൊടുക്കാൻ. പെരിയാർ വാലി പദ്ധതിക്ക് ഇക്കൊല്ലത്തെ പ്ലാൻ ബഡ്ജറിൽ ആകെ വച്ചിരിക്കുന്നത് രണ്ട് കോടി രൂപയാണ്. നമ്മുടെ ചെലവുകളൊക്കെ കഴിഞ്ഞ് വലിയ തുകയൊന്നും മിച്ചമില്ല. പഴയ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് അവാർഡ് പാസാക്കിയതിൽതന്നെ രൂപ ബാക്കി കിടപ്പുണ്ട്. അങ്ങനെയുള്ളതുകൊണ്ട് ഈ മുഴുവൻ തുകയും ഉടനേയില്ലെങ്കിലും കാര്യമായിട്ട് ഒരു സംഖ്യ ഈ കാര്യത്തെസംബന്ധിച്ചിടത്തോളം കൊടുക്കാൻ കഴിയും. അതിനുവേണ്ടി ശ്രമിക്കുന്നതാണ്.

(11) തിരുവാമ്പാടി നിയോജകമണ്ഡലത്തിലെ റോഡുകളുടെ സ്ഥിതി

ശ്രീ. സിറിയക് ജോൺ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ചില റോഡുകളുടെയും പാലങ്ങളുടെയുമൊക്കെ കാര്യമാണെങ്കിലും, അത് ഒരു നിയോജക മണ്ഡലത്തിൽ ഒതുങ്ങിനിൽക്കുന്ന കാര്യമായിട്ട് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി കരുതുകയില്ല എന്നാണ് എന്റെ വിശ്വാസം. അത് അന്തർജില്ലാ പ്രാധാന്യമുള്ളതും, സംസ്ഥാനാന്തര പ്രാധാന്യമുള്ളതുമായ പദ്ധതികളാണ്. കൈതപ്പൊയിൽ–കണ്ണോത്ത് തമ്പലമണ്ണ-പുന്നയ്ക്കൽ കൂടരഞ്ഞി റോഡ് ഏറെറടുത്തിട്ട് എത്രയോ വർഷമായി. അതുപോലെ മുക്കംമണ്ടാംകടവ്–കൂടരഞ്ഞി റോഡ്, മുക്കം-തേക്കുംകുറ്റി–കൂടരഞ്ഞി റോഡ് എന്നീ റോഡുകളൊക്കെ പി. ഡബ്ലിയു. ഡി. ഏറെറടുത്തിട്ട് അഞ്ചും, ആറും വർഷങ്ങളായി. ഇന്നുവരെ അതിൽ യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. ഈ എം. എൽ. എ. റോഡുകളുടെ കാര്യമാണെങ്കിൽ 1932 മുതൽ എം. എൽ. എ. റോഡുകൾ എന്ന ഒരു പല്ലവി മാത്രമാണ് ഉള്ളത്. അതിൽ തന്നെ അഗസ്ത്യാൻമൂഴി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടില്ല. ആ പാലം നിർമ്മിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇതിനകം എന്തെങ്കിലും കാര്യക്ഷമമായ തരത്തിലുള്ള ഒരു നടപടി സ്വീകരിച്ചിട്ടില്ല. ആ എം. എൽ. എ. റോഡിനെ സംബന്ധിച്ചിടത്തോളം മുക്കം-അഗസ്ത്യൻമൂഴി-തിരുവാമ്പാടി, റോഡിന്റെ പണി നടക്കുന്നുണ്ട്. പക്ഷെ, പ്രസ്തുത റോഡിലുള്ള അഗസ്ത്യൻമൂഴി പാലം നിർമ്മിക്കാത്തിടത്തോളം കാലം റോഡിന്റെ പണി നടക്കുന്നുണ്ട് എന്നുള്ളതുകൊണ്ടോ, അല്ലെങ്കിൽ റോഡിന്റെ പണി പൂർത്തിയായതുകൊണ്ടോ, അതുമൂലം പണം ചെലവഴിച്ചതുകൊണ്ടോ ജനങ്ങൾക്ക് ഒരു പ്രയോജനവും ഉണ്ടാവുകയില്ല. അതുകൊണ്ട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ വേഗം തന്നെ നടത്താൻവേണ്ടി എസ്റ്റിമേറ്റ് ശരിയായിട്ടുണ്ടെന്നു പറയുന്നു. അതൊന്ന് ത്വരിതഗതിയിൽ ആക്കുന്നതിന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി പ്രത്യേകമായ ഒരു താൽപ്പര്യമെടുത്ത് നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഹിൽ റോഡ് പദ്ധതിയിൽ 1981-82 കാലഘട്ടങ്ങളിൽ മൂന്ന് നാല് റോഡുകളുടെ പണി ആരംഭിച്ചതാണ്. പിന്നീട് ആ പദ്ധതി വേണ്ടെന്നുവച്ചെങ്കിലും ഇപ്പോൾ ബഡ്ജറ്റിൽ അതിനൊക്കെ കുറേയെങ്കിലും തുക വകയിരുത്തിയിട്ടുണ്ട്. ആ റോഡുകളെ സംബന്ധിച്ചിടത്തോളം അത് മലമ്പ്രദേശങ്ങളിലുള്ള റോഡുകളാണെങ്കിലും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വിദേശനാണ്യം നേടിത്തരുന്ന, വാണിജ്യ വിളകൾ ഉൽപ്പാദിപ്പിക്കുന്ന മേഖലയാണ്. ആ വിളകളൊക്കെ കമ്പോളങ്ങളിൽ എത്തിക്കാൻ ഒരു നിർവാഹവുമില്ല. ഒരു കാര്യം ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരനോട് ഞാൻ ചോദിക്കട്ടെ, ആ പ്രദേശങ്ങളിൽനിന്ന് നികുതി പിരിക്കുകയില്ല, അവിടെത്തന്നെ ആ നികുതി അവിടെയുള്ളവർ സംഘടിതരായി പിരിപ്പെടുത്ത് അവിടെത്തന്നെ ചെലവഴിക്കുന്നതിനെ സംബന്ധിച്ച് ഒരു സാവകാശം കൊടുക്കുമോ ? അവിടെയുള്ളവരൊക്കെ ഈ ഇനത്തിൽ നല്ലൊരു സംഖ്യ ഖജനാവിലേക്ക് കൊടുക്കുന്നുണ്ട്. വിദേശനാണ്യത്തിന്റെ ഇനത്തിൽ വലിയ സംഭാവന

LIBRARY ARCHIVES Kerala Legislative Assembly